**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2295** **12.03.2020-ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ കോളനികളുടെ നവീകരണം**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ കോളനികൾ നവീകരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ; | എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ കോളനികൾ നവീകരിക്കുന്നതിന് ഈ സർക്കാർ 'അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. |
| ബി) | ബാലുശേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടിക വർഗ്ഗ കോളനികളിലാണ് ഈ സർക്കാർ വന്നതിനുശേഷം നവീകരണ പ്രവൃത്തികൾ നടന്നിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) & സി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം തെരഞ്ഞെടുത്ത കോളനികളിൽ ബാലുശ്ശേരി മണ്ഡലത്തിലെ കോളനികളൊന്നും ഉൾപ്പെട്ടിരുന്നില്ല. 2019-20 വർഷത്തെ പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിലെ അമ്പലക്കുന്ന് പട്ടികവർഗ്ഗ കോളനിയെ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | കുരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് കോളനി നവീകരിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**